**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5862.** **02.07.2019 ൽ മറുപടിയ്ക്ക്**

## നിരോധിത പുകയില ഉത്പന്നങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നിരോധിത പുകയില ഉത്പന്നങ്ങൾ എത്തിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യനിരീക്ഷണവും, "ഓപ്പറേഷൻ ഭായി" എന്ന പേരിൽ പ്രത്യേക പരിശോധനകളും നടത്തി വരുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ നിരോധിത പുകയില ഉൽപ്പന്നങ്ങളും കഞ്ചാവ് അടക്കമുള്ള മറ്റ് ലഹരിവസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തേയ്ക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തികൊണ്ടുവരുന്നത് കണ്ടു പിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്, റെയിൽവേ പോലീസ് എന്നിവരുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. ചെക്ക് പോസ്റ്റുകളിലും ഇത്തരത്തിലുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള ഊർജ്ജിത പരിശോധനകൾ നടന്നു വരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**